**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 654** **08-10-2024 - ൽ മറുപടിയ്ക്ക്**

**കശുവണ്ടി മേഖലയിലെ പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കശുവണ്ടി മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കശുവണ്ടി മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ ഒട്ടനവധി പദ്ധതികളും ക്രിയാത്മക നടപടികളും സംസ്ഥാന സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. തോട്ടണ്ടിയുടെ ദൗർലഭ്യവും തോട്ടണ്ടി വിലയും പ്രോസ്സസിംഗ് ചാർജ്ജും ചേർന്ന് വരുന്ന വില കശുവണ്ടി പരിപ്പിന് ലഭിക്കാത്തതാണ് സംസ്ഥാനത്ത് കശുവണ്ടി വ്യവസായം നേരിടുന്ന പ്രധാന പ്രതിസന്ധികൾ.<br><br>തോട്ടണ്ടി ദൗർലഭ്യം പരിഹരിക്കുന്നതിനായി സർക്കാർ 2017 ൽ രൂപീകരിച്ച കേരളാ കാഷ്യു ബോർഡ് മുഖേന കശുവണ്ടി ഉൽപാദക രാജ്യങ്ങളിൽ നിന്നും നേരിട്ട് കശുവണ്ടി ഇറക്കുമതി ചെയ്താണ് കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപ്പക്സിന്റേയും കീഴിലുള്ള കശുവണ്ടി ഫാക്ടറികൾ പ്രവർത്തിക്കുന്നത്.<br><br>കശുവണ്ടി വികസന കോർപ്പറേഷന് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി നൽകുന്നതിന് 20 കോടി രൂപയും 2021-22 മുതൽ 2023-24 സാമ്പത്തിക വർഷം വരെ ഫാക്ടറികളുടെ ആധുനികവത്കരണത്തിനും ഭാഗിക യന്ത്രവത്കരണത്തിനുമായി 545 ലക്ഷം രൂപയും ബ്രാൻഡ് ബിൽഡിംഗിന് 176 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. പ്രസ്തുത തുക വിനിയോഗിച്ച് കാഷ്യു കോർപ്പറേഷന്റെ 30 ഫാക്ടറികളും ആധുനികവത്കരിക്കുകയും തൊഴിലാളികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്തു. കൂടാതെ 2024-25 സാമ്പത്തിക വർഷത്തിൽ ഫാക്ടറികളുടെ ആധുനികവത്കരണത്തിനും ഭാഗിക യന്ത്രവത്കരണത്തിനുമായി 155 ലക്ഷം രൂപയും ബ്രാൻഡ് ബിൽഡിംഗിന് 150 ലക്ഷം രൂപയും ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കാഷ്യു |

കോർപ്പറേഷനിൽ 535 തൊഴിലാളികളെ പുതുതായി നിയമിച്ചിട്ടുണ്ട്.

കാപ്പക്സിന്റെ കീഴിലുള്ള കശുവണ്ടി ഫാക്ടറി തൊഴിലാളികൾക്ക് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2020 വരെയുള്ള ഗ്രാറ്റുവിറ്റി കുടിശ്ശിക നൽകുന്നതിനായി 957 ലക്ഷം രൂപ അനുവദിച്ചു. കാപ്പക്സ് ഫാക്ടറികളുടെ ആധുനികവത്കരണത്തിനായി 2022-23 ലും 2023-24 ലും ആകെ 182.36 ലക്ഷം രൂപയും ബ്രാൻഡ് പ്രൊമോഷന് മേൽകാലയളവിൽ 41 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. കൂടാതെ 2024-25 വർഷം ആധുനികവത്കരണത്തിന് ഭരണാനുമതി നൽകിയ 250 ലക്ഷം രൂപയിൽ 29.71 ലക്ഷം രൂപ റിലീസ് ചെയ്ത് നൽകുകയും ചെയ്തു. ബ്രാൻഡ് പ്രൊമോഷന് നടപ്പ് സാമ്പത്തിക വർഷം 50 ലക്ഷം രൂപയ്ക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ തൊഴിലില്ലാത്ത സ്വകാര്യ ഫാക്ടറികളിലെ 250 തൊഴിലാളികൾക്ക് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കാപ്പക്സിൽ ജോലി നൽകിയിട്ടുണ്ട്.

കശുവണ്ടി തൊഴിലാളികളുടെ വരുമാനവും ജീവിത നിലവാരവും ഉയർത്തുന്നതിന്റെ ഭാഗമായി 09.02.2024 -ൽതൊഴിലാളികളുടെ മിനിമം വേജസ് പുതുക്കി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചു. ഇതിൻ പ്രകാരം 23% കൂലി വർദ്ധനവാണ് നടപ്പിലാക്കിയിട്ടുള്ളത്.

കാഷ്യു ബോർഡ് 2021-22 മുതൽ നാളിതുവരെയായി ഐവറികോസ്റ്റ്, ഘാന, മൊസാംബിക്, ഗിനി-ബിസ്സാവു, ടാൻസാനിയ തുടങ്ങിയ രാജ്യങ്ങളിൽ നിന്നും 43566.983 മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്ത് കശുവണ്ടി വികസന കോർപ്പറേഷനും കാപ്പക്സിനും നൽകുകയും അതുവഴി പൊതുമേഖലാ കശുവണ്ടി ഫാക്ടറികളുടെ തുടർച്ചയായ പ്രവർത്തനം ഉറപ്പു വരുത്തുകയും ചെയ്തിട്ടുണ്ട്. 2021-22 മുതൽ 2023-24 വരെ തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനായി 174.70 കോടി രൂപ സർക്കാർ ലോൺ സഹായം കാഷ്യു ബോർഡിന് നൽകിയിട്ടുണ്ട്. കൂടാതെ 2024-25 സാമ്പത്തിക വർഷം 40.81 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും 18.44 കോടി രൂപ കാഷ്യു ബോർഡിന് റിലീസ് ചെയ്ത് നൽകുകയും ചെയ്തു.

സംസ്ഥാനത്ത് കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനായി സർക്കാർ രൂപീകരിച്ച കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി 9605023 കശുമാവ് തൈകൾ 46069.4912 ഹെക്ടർ സ്ഥലത്ത് വിവിധ

പദ്ധതികളിലൂടെ വിതരണം ചെയ്തിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷം 591000 കശുമാവ് തൈകൾ 2310 ഹെക്ടർ സ്ഥലത്തേയ്ക്ക് വിതരണം ചെയ്യാൻ ലക്ഷ്യമിടുകയും ജൂൺ മാസം മുതൽ വിതരണം ആരംഭിക്കുകയും 300000 തൈകൾ കർഷകർ, സ്ഥാപനങ്ങൾ മുതലായവർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. മേൽ പ്രവർത്തനങ്ങൾക്കായി കശുമാവ് കൃഷി വികസന ഏജൻസിയ്ക്ക് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആകെ 914.00232 ലക്ഷം രൂപ വിവിധ പദ്ധതി ഇനത്തിൽ നൽകിയിട്ടുണ്ട്.സംസ്ഥാനത്തെ സ്വകാര്യ കശുവണ്ടി വ്യവസായത്തിലെ പ്രതിസന്ധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ടി വ്യവസായത്തെ പുനരുജ്ജീവിപ്പിക്കുന്നതിനായി മുൻ സർക്കാർ ഒരു പുനരുദ്ധാരണ പാക്കേജ് പ്രഖ്യാപിച്ചിരുന്നു. അതിന്റെ ഭാഗമായി കശുവണ്ടി വ്യവസായത്തിനായി സ്വകാര്യ വ്യവസായികൾ എടുത്ത് NPA ആയ ലോണുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി (OTS) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നടപ്പിലാക്കി. തുടർന്ന് വ്യവസായികളുടെ നിരന്തര ആവശ്യം മുൻനിർത്തി OTS ആനുകൂല്യത്തിന് ബാങ്കുകളുമായി വ്യവസായികൾ കരാറിലേർപ്പെടാനുള്ള തീയതി 31.12.2024 ആയി നീട്ടി നൽകുകയും ചെയ്തു.

സംസ്ഥാനത്ത് കശുവണ്ടി വ്യവസായം നിലവിൽ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളും പ്രതിസന്ധികളും സാധ്യതകളും പഠിക്കുന്നതിനും ടി മേഖലയുടെ സമഗ്ര വികസനം ഉറപ്പുവരുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി ഒരു വിദഗ്ധ സമിതി ഈ സർക്കാർ രൂപീകരിച്ചിരുന്നു. പ്രസ്തുത വിദഗ്ധ സമിതിയുടെ ഇടക്കാല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ കശുവണ്ടി മേഖലയുടെ പുനരുദ്ധാരണത്തിനായി 2022-23 സാമ്പത്തിക വർഷത്തെ ബജറ്റിൽ 30 കോടി രൂപ പ്രഖ്യാപിച്ചു. ഇതിന്റെ തുടർച്ചയായി 2024-25 സാമ്പത്തിക വർഷം 200 ലക്ഷം രൂപ പ്രസ്തുത പദ്ധതിയ്ക്ക് വ്യവസായ വാണിജ്യ ഡയറക്ടർക്ക് റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്.

കൂടാതെ സ്വകാര്യ കശുവണ്ടി മേഖലയിൽ നിലവിൽ പ്രവർത്തിച്ചുവരുന്ന ചെറുകിട-ഇടത്തരം കശുവണ്ടി ഫാക്ടറികളുടെ നവീകരണത്തിന് മൂലധന ഗ്രാന്റും പലിശ സബ്സിഡിയും അനുവദിക്കുന്ന പദ്ധതിയിൽ 2022-23 സാമ്പത്തിക വർഷം 220 ലക്ഷം രൂപയും 2023-24 -ൽ 43.53 ലക്ഷം രൂപയും നടപ്പു സാമ്പത്തിക വർഷം ഭരണാനുമതി നൽകിയ 200

| | | | |
|---|---|---|---|
| | | | ലക്ഷം രൂപയിൽ 40 ലക്ഷം രൂപയും വ്യവസായ വാണിജ്യ ഡയറക്ടർക്ക് റിലീസ് ചെയ്ത് നല്കി.<br><br>സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങളിൽ പ്രമുഖമായ കശുവണ്ടി വ്യവസായം പതിനായിരക്കണക്കിന് തൊഴിലാളികൾക്ക് പ്രത്യേകിച്ചും സമൂഹത്തിലെ സാമൂഹികവും സാമ്പത്തിക മായും താഴെക്കിടയിലുള്ള സ്ത്രീ തൊഴിലാളികൾക്ക് നേരിട്ട് തൊഴിൽ നൽകുന്ന മേഖലയായതിനാൽ സർക്കാർ ഈ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ക്രിയാത്മകമായ ഇടപെടൽ നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ